**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6330** **03.04.2018 -ലെ മറുപടിക്ക്**

**<u>പട്ടികജാതികുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ആനുകൂല്യങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വീടും , ഭൂമിയുമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയില്ലാത്തതും കുടുംബപരമായി ഭൂമി ലഭിക്കാനിടയില്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിയ്ക്ക് അർഹതയുണ്ട്. ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റുകളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. വാർഡ്സഭ/ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നേരിട്ട് പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുൻസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6,00,000/- രൂപയും നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്ത 50,000/- രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു. ഗുണഭോക്താക്കളെ തദ്ദേശ സ്വയഭരണ സ്ഥാപനത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്നു. |
| (ബി) | അഞ്ച് സെന്റ് സ്ഥലം വാങ്ങുന്നതിനായി നഗര പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും , ഗ്രാമപ്രദേശങ്ങളിൽ 3.75 ലക്ഷം രൂപയും അനുവദിക്കുന്നത് ഭൂമിയുടെ വിലയിലുണ്ടായ ക്രമാതീതമായ വർദ്ധനവിന്റെ പശ്ചാത്തലത്തിൽ പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ചിലയിടങ്ങളിൽ സ്ഥലത്തിന്റെ വില ക്രമാതീതമായി ഉയർന്നിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിനു തടസ്സമാകുന്നില്ല.<br>പഞ്ചായത്ത് പരിധിയിൽ മാത്രമാണ് 5 സെന്റ് വാങ്ങണമെന്ന് നിഷ്കർഷിക്കുന്നത്. മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് വാങ്ങിയാൽ മതി. |
| (സി) | ഭൂമി വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദേശം അഞ്ച് സെന്റ് ഭൂമി വേണമെന്ന നിബന്ധനയിൽ ഇളവ് വരുത്തുന്നതിനോ , ഭൂമി വാങ്ങാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനോ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ; | | |
| (ഡി) | ഭൂമി വാങ്ങുന്നതിനും ,വീട് വയ്ക്കുന്നതിനും തുക അനുവദിക്കുന്നതിന് പകരം ലൈഫ് മിഷൻ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിന് മുൻഗണനയും, | (ഡി) | സംസ്ഥാനത്ത് ജനറൽ, പട്ടികജാതി/ പട്ടികവർഗ്ഗം, തോട്ടം, മത്സ്യബന്ധനം ഉൾപ്പെടെയുള്ള വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച്, ലൈഫ് മിഷൻ പദ്ധതി പ്രകാരം, സംസ്ഥാനത്ത് സ്വന്തമായി |

| | | | |
|---|---|---|---|
| | പരിഗണനയും നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ? | | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്തവർക്ക് വിവിധ പ്രദേശങ്ങളിലായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സംസ്ഥാനത്ത് 16000 ത്തോളം പട്ടികജാതി കുടുംബങ്ങൾക്ക് വരുംവർഷങ്ങളിൽ വീട് നിർമ്മിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. വകുപ്പ് മുഖേന നടപ്പ് വർഷം 7000 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ